# ക്രിസ്തുമസ് മംഗളാശംസകൾ

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ക്രിസ്തുമസിന്റെ സമയമാകുമ്പോൾ പലരും പ്രസംഗിച്ച് കേട്ടിട്ടുള്ളത്:
“ഇന്നേന്നപോലെ ഒരു ദിവസം നമ്മുടെ യേശു ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ/പശുതൊട്ടിയിൽ നമുക്കായി ഭൂജാതനായി.” ഇത് വളരെയധികം കാലമായ് കേട്ടുകൊണ്ടിരിക്കുന്നതാണ്. അതല്ലങ്കിൽ ഇനിയും കേൾക്കാൻ പോകുന്നതാണ്.
ക്രിസ്തുമസ് സമയത്തോ കരോൾ പാട്ടിലോ നമ്മൾ പലപ്പോഴും കേട്ടിട്ടുള്ളത്:
“ഗോശാലയിൽ ഇന്ന് ഉണ്ണിയീസോ ഭൂജാതനായി.” “പുൽകൂട്ടിൽ യേശു പിറന്നു.”
ഇപ്പോൾ ജനിച്ച കുഞ്ഞുങ്ങളോ അതല്ലങ്കിൽ ചെറുപ്പം മുതൽ ഈ വാക്കുകൾ കേട്ടുകൊണ്ടിരിക്കുന്നവരും എത്ര പ്രായമായാലും ഒരിക്കലും മായാതെ അവരുടെ മനസ്സിൽ കിടക്കുന്നതും യേശു ബേതലഹേമിലെ പുൽക്കൂട്ടിൽ ഭൂജാതനായി എന്നായിരിക്കും. ഈ അറിവ് പിന്നീട് തർക്കവിഷയമായി മാറി തീരും. അവസാനം ഞാൻ പിടിച്ച മുയലിന് മൂന്നു കൊമ്പ് എന്ന നിലയിലുമായിതീരും.
അബദ്ധങ്ങൾ ബാലമനസ്സിലേക്ക് കടന്നു ചെല്ലത്തക്കവിധം അബദ്ധജഡിലമായി വാക്കുകൾ യാതൊരു കാരണവശാലും നമ്മൾ അറിയാതെ പോലും പറയരുത്. അത് നമ്മൾ അറിയാതെ ചെയ്യുന്ന പാപങ്ങളിലൊന്നായി തീരും.
യേശുമ്ശിശിഹാ പുൽക്കൂട്ടിലോ ഗോശാലയിലോ പിറന്നിട്ടില്ല. വി. വേദപുസ്തകം ശ്രദ്ധിച്ചു വായിക്കുന്ന ഏതൊരാൾക്കും അറിയാവുന്നതാണ് - യേശു കല്ലടാവിലാണ് ജനിച്ചതെന്ന്. വിശുദ്ധ നാടുകൾ സന്ദർശിക്കുന്ന ഏതൊരാൾക്കും ഇത് നല്ല വണ്ണം നേരിൽ കണ്ടു മനസ്സിലാക്കാവുന്നതാണ്.
ജോസഫ് പിതാവ് പ. കന്യകമറിയാമിനെ വിവാഹം ചെയ്തിട്ടില്ല. ജോസഫ് പിതാവ് മറിയാമിന്റെ വിരലേൽ മോതിരം അണിയിച്ച ഒരു പള്ളി വിശുദ്ധ നാടുകളിൽ ചെന്നാൽ നമ്മൾക്ക് കാണാൻ സാധിക്കും. ജോസഫ് പിതാവ് മറിയാമിനെ വിവാഹം ചെയ്തു എന്ന് വി. വേദപുസ്തകത്തിൽ എവിടേയും എഴുതിയിട്ടില്ല.
ജോസഫ് മറിയാമിനേയും കൊണ്ട് യാത്ര ചെയ്ത് ബേത്‌ലഹേമിൽ എത്തിയപ്പോൾ അവൾക്ക് പ്രസവ വേദന അനുഭവപ്പെട്ടു. പാതിരാത്രി സമയത്ത്. കൂരിരുട്ട് നിറഞ്ഞ രാത്രി. ചന്ദ്രനോ, നക്ഷത്രമോ, മിന്നാമിനുങ്ങു പോലുമില്ലാത്ത രാത്രി. അവിടെ ഒരു ഗുഹയിൽ അവളെ പാപ്പിച്ചിട്ട് ഒരു വയറ്റാട്ടിയെ അന്വേഷിച്ച് ജോസഫ് പിതാവ് പോയി. ഉടനെ മറിയം അബോധാവസ്ഥയിലായി. പിന്നീട് നടന്നതൊന്നും അവളറിഞ്ഞിട്ടില്ല. വയറ്റാട്ടിയുമായ എത്തിയപ്പോൾ അവർ കണ്ടത് അവിടെ ഒരു കുഞ്ഞും തള്ളയും കിടക്കുന്നതാണ്. ആ സ്ത്രീ പരിശോധിച്ചപ്പോൾ അവിടെ ഒരു പ്രസവം നടന്ന ലക്ഷണമൊന്നും കണ്ടില്ല. വീണ്ടും അവൾ മറിയാമിനെ പരിശോധിച്ചപ്പോൾ അവളുടെ കന്യകത്വത്തിന് ഭംഗം വരുന്ന യാതൊന്നും കണ്ടില്ല.
ഇതു തന്നെയാണ് നമ്മൾ പലപ്പോഴും ആരാധനകളിൽ ചൊല്ലുന്നത് കല്ലടാവിൽ അവൻ ജനിച്ചെന്നും അവളുടെ കന്യകാവൃതമുദ്രയ്ക്കു ഭംഗം വന്നിട്ടില്ലന്നും. അവൾ ഗർഭിണിയായിരുന്നു എന്നത് എല്ലായിടത്തു നിന്നും നമ്മൾ വായിച്ചു മനസ്സിലാക്കുന്നുണ്ട്. ദീർഘകാലം അവൾ തന്റെ ഗർഭവും പേറി കഷ്ടപെട്ടു എന്നും നമ്മൾക്കറിയാം. എന്നാൽ അവൾ പ്രസവിച്ചില്ല എന്നത് സത്യമാണ്. അവളുടെ ഉദരത്തിൽ കിടന്ന ശിശു എങ്ങിനെ വെളിയിൽ വന്നെന്നുള്ളത് അവളുൾപ്പെടെ ആർക്കും അറിയാൻ പാടില്ലാത്ത രഹസ്യങ്ങളിലൊന്നാണ്. ഇതാണ് യേശുവിന്റെ ജനനത്തിലുള്ള പരമരഹസ്യം. ഈ വിവരം അറിയാവുന്ന മൂന്നു പേരുള്ളത്: പ. കന്യകമറിയാം, ജോസഫ് പിതാവും ആ വയറ്റാട്ടി സ്ത്രീ.
ഈ തേജോമയനായ കുഞ്ഞിനും സ്ത്രീക്കും താമസിക്കാനൊരിടത്തിനുവേണ്ടി ആ രാത്രി സമയത്ത് ജോസഫ് പിതാവ് അന്വേഷിക്കാത്ത സ്ഥലമില്ല. അവസാനം ഈ ഗുഹയുടെ തൊട്ടടുത്തുതന്നെയുള്ള ഒരു പുൽക്കൂടു കണ്ടെത്തി അവിടെ അവർക്ക് ആ രാത്രി കഴിഞ്ഞുകൂടാനായി ഇടം കിട്ടി. അതേ രാത്രിയുടെ പുലർകാലേ ആട്ടിടയർ അവിടെ വന്ന് അവരെ സന്ദർശിച്ചു എന്നതും ശരിയാണ്. എന്നാൽ വിദ്വാന്മാർ വന്ന് അവരെ സന്ദർശിച്ചത് ഒരു ഭവനത്തിലെന്ന് വി. വേദപുസ്തകം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
Missing parts of Newtestaments, Biblical History, പ. കന്യകമറിയാമിന്റെ ജീവചരിത്രം എന്നിവയിൽ ഈ കാര്യങ്ങൾ എല്ലാം വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ ഇത്രയും പുസ്തകങ്ങളിൽ നിന്ന് വായിച്ച് മനസ്സിലാക്കാത്തവരും, വിശുദ്ധ നാടുകൾ സന്ദർശിച്ച് മനസ്സിലാക്കത്തവരുമാണ് അബദ്ധജഡിലങ്ങളായ അറിവുകൾ വിളമ്പി പല മനസ്സിനേയും മലിനപ്പെടുത്തുന്നത്.
വിശുദ്ധ നാട് സന്ദർശിക്കുന്ന ഏതൊരാൾക്കും നേരിൽ കണ്ടു മനസ്സിലാക്കാൻ സാധിക്കുന്ന ഒരു സത്യമാണ് യേശു ജനിച്ച ഈ സ്ഥലവും തൊട്ടടുത്തുള്ള ഈ പുൽക്കൂടും. കൂടാതെ വളരെ അടുത്തു തന്നെ താമസിച്ചിരുന്ന ആട്ടിടയരുടെ സ്ഥലവും അവർക്ക് പെട്ടന്ന് നടന്നു പോകതക്ക ദൂരമേ ഉണ്ടായിരുന്നുള്ളു. തന്മൂലമാണ് അവർക്ക് ആ രാത്രി തന്നെ നടന്ന് അവിടെ ചെല്ലാൻ സാധിച്ചത്. ഇന്ന് ഈ സ്ഥലങ്ങളിലെല്ലാം ദേവാലയങ്ങൾ പണിതിട്ടുണ്ട്.
കണ്ട നീ മാറി നിൽക്ക് കേട്ട ഞാൻ പറയാം എന്ന് ശഠിക്കുന്ന മനോഭാവം നമ്മളിൽ നിന്ന് മാറ്റേണ്ട സമയം കഴിഞ്ഞിരിക്കുന്നു. ഈ ക്രിസ്തുമസിന്റെ സമയം മുതലെങ്കിലും നമ്മൾ പരസ്പരം ബഹുമാനിച്ചും സ്നേഹിച്ചും തുടങ്ങിയിട്ട് സന്മനസ്സുള്ളവർക്ക് സമാധാനം എന്ന വാക്ക് അന്വർത്ഥമാക്കാൻ സാധിക്കത്തക്കവിധം ജീവിക്കാം.

## ക്രിസ്തുമസിന്റേയും പുതുവത്സരത്തിന്റേയും എല്ലാ മംഗളാശംസകളും നേരുന്നു.

## ദൈവം നമ്മളെല്ലാവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ